6451
27/3/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-മഹാരാഷ്ട്രയിൽ നിന്നും മത്സ്യബന്ധനത്തിനു കടലിൽ പോയി മരണപ്പെട്ട രാജുമോന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനു ചെലവായ 61048/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം.1105 /18/റവ തിരുവനന്തപുരം,തീയതി-24.03.2018.

പരാമർശം- തിരുവനന്തപുരം ജില്ലാ കളക്ടറുടെ 31/01/2018-ലെ എ 5/12340/09 (2) നമ്പർ കത്ത്.

**ഉത്തരവ്**

മഹാരാഷ്ട്രയിൽ നിന്നും മത്സ്യബന്ധനത്തിനു കടലിൽ പോയി മരണപ്പെട്ട തിരുവനന്തപുരം ജില്ലയിൽ കൊച്ചുതുറ അടുമ്പ്, തെക്കേക്കര വീട്ടിൽ രാജുമോന്റെ മൃതദേഹം ആംബുലൻസിൽ റോഡുമാർഗ്ഗം നാട്ടിലെത്തിച്ചതിനായി 61048/- (അറുപത്തിയൊന്നായിരത്തി നാല്പത്തിയെട്ട് രൂപ) ആംബുലൻസ് വാടകയിനത്തിൽ ചെലവായതായും അടിയന്തിര സാഹചര്യം കണക്കിലെടുത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 20,000//- രൂപ ആംബുലൻസ് ഡ്രൈവർക്ക് വിതരണം ചെയ്തതായും ആയതിനാൽ ജില്ലാ കളക്ടറുടെ ടി നടപടി സാധൂകരിച്ചും മേൽ 61,048/- രൂപ അനുവദിച്ചും ഉത്തരവാകണമെന്ന് പരാമർശ പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

2.മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. മഹാരാഷ്ട്രയിൽ മത്സ്യബന്ധനത്തിനിടയിൽ മരണപ്പെട്ട രാജുമോന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ചെലവായ 61048/- (അറുപത്തിയൊന്നായിരത്തി നാല്പത്തിയെട്ട് രൂപ മാത്രം ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചും തിരുവനന്തപുരം ജില്ലാ കളക്ടറുടെ മേൽ നടപടി സാധൂകരിച്ചും ഉത്തരവാകുന്നു.

3. ടി 61048/-/- **രൂപ ( അറുപത്തിയൊന്നായിരത്തി നാല്പത്തിയെട്ട് രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **തിരുവനന്തപുരം ജില്ലാ കളക്ടർക്ക്** അനുവദിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഫിഷറീസ് വകുപ്പ്

റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sreekala. A.S

സെക്ഷൻ ഓഫീസർ